**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2032** — **02-02-2024 - ൽ മറുപടിയ്ക്ക്**

**പുനലൂർ മുനിസിപ്പൽ ഇൻഡോർ സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് കിറ്റ്കോയുടെ മേൽനോട്ടത്തിൽ നിർമ്മാണം പൂർത്തിയാക്കിയ പുനലൂർ മുനിസിപ്പൽ ഇൻഡോർ സ്റ്റേഡിയത്തിൽ കളിയുപകരണങ്ങളുടെയും മറ്റ് സംവിധാനങ്ങളുടെയും അഭാവത്താൽ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എസ്.പി.വി. ആയ കിറ്റ്കോ മുഖാന്തിരം പൂർത്തിയാക്കിയ പുനലൂർ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ എസ്റ്റിമേറ്റിൽ സ്റ്റേഡിയത്തിന് വേണ്ടിയുള്ള കളിയുപകരണങ്ങൾ വാങ്ങുന്നതിനുള്ള തുക ഉൾപ്പെടുത്തിയിരുന്നില്ല. കളിയുപകരണങ്ങൾ വാങ്ങുന്നത് അധിക പ്രവൃത്തിയായി പരിഗണിച്ച് അവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സ്റ്റേഡിയത്തിൽ കായിക മത്സരങ്ങളും പരിശീലനങ്ങളും ആരംഭിക്കുന്നതിന് വേണ്ടുന്ന കളിയുപകരണങ്ങളും മറ്റും സ്ഥാപിക്കുന്നതിനുള്ള തുടർനടപടികൾക്കായി കിറ്റ്കോയെ ചുമതലപ്പെടുത്താൻ കിഫ്ബി യോഗത്തിൽ എടുത്ത തീരുമാനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | കളിയുപകരണങ്ങൾ സ്ഥാപിക്കുന്ന തിനായി കിഫ്ബിയുടെ യോഗത്തിൽ കിറ്റ്കോയെ ചുമതലപ്പെടുത്തുകയും തുടർന്ന് കിറ്റ്കോ കളിയുപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സ്പോർട്സ് കേരള ഫൗണ്ടേഷനിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്റ്റേഡിയം പ്രവർത്തന സജ്ജമാക്കുന്നതിനായുള്ള ഉപകരണങ്ങൾ എന്നത്തേക്ക് സ്ഥാപിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | (സി) | സാങ്കേതികാനുമതി സമിതിയുടെ അംഗീകാരവും കിഫ്ബിയിൽ നിന്ന് ടെൻഡറിനുള്ള അനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ